കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് - മങ്കട പള്ളിപ്പുറം ഗവ. യു.പി.സ്കൂൾ കെട്ടിട നിർമ്മാണം - കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(സാധാ.) നം.583/2018/തസ്വഭവ *തിരുവനന്തപുരം, തീയതി, 01 / 03 /2018*

*പരാമർശം:* 1 കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/04/2017-ലെ എ 3/347/16 നമ്പർ കത്ത്.

2 മുഖ്യനഗരാസൂത്രകന്റെ 8/02/2018-ലെ സി1-5915/17/കെ.സിഡ് നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് സർക്കാർ യു.പി.സ്കൂൾ കെട്ടിട നിർമ്മാണത്തിന് ചട്ടം 3 സി പ്രകാരമുള്ള ഇളവ് നൽകണമെന്ന് പരാമർശം 1 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

2. ഒരു സ്വകാര്യ വ്യക്തിയിൽ നിന്നും 1919-ൽ 100 വർഷത്തേക്ക് ലീസിനെടുത്ത സ്ഥലത്തും സർക്കാർ സ്ഥലത്തുമാണ് പ്രസ്തുത സ്കൂൾ പ്രവർത്തിയ്ക്കുന്നതെന്നും ലീസിന്റെ കാലാവധി 2019-ൽ അവസാനിക്കുകയാണെങ്കിലും സ്കൂൾ പ്രവർത്തിക്കാനാവശ്യമായ ലീസിൽപ്പെട്ട 62 സെന്റ് സ്ഥലം സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് സ്കൂളിന് നൽകാൻ അവകാശികൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളതായും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിയ്ക്കുന്നു.

3. പ്രസ്തുത സ്ഥലം വിലയ്ക്ക് വാങ്ങുന്നതിന് 18/11/2017-ലെ 1(7) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് തീരുമാനിച്ചിരിയ്ക്കുന്നതായും പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം വിലയ്ക്ക് വാങ്ങുന്നതിന് വേണ്ടി ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭിയ്ക്കുന്നതിനായി പെരിന്തൽമണ്ണ താലൂക്ക് തഹസിൽദാരോട് അപേക്ഷിയ്ക്കുകയും തഹസിൽദാർ സത്വര നടപടി കൾ സ്വീകരിയ്ക്കുകയും ചെയ്തിട്ടുള്ളതായും ചുരുങ്ങിയ സമയംകൊണ്ടുതന്നെ

സ്ഥലമെടുപ്പ് പ്രക്രിയ പൂർത്തീകരിക്കാൻ കഴിയുമെന്നും കൂടി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

4. പ്രസ്തുത സ്കൂളിനു സൗജന്യമായി വിട്ടു കിട്ടിയ 8 സെന്റ് സ്ഥലത്ത് 3 നിലകളിലായി 6 ക്ലാസ് റൂമുകൾ നിർമ്മിക്കുന്നതിന് ബഹു.മങ്കട എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ മുഴുവൻ വ്യവസ്ഥകളും പാലിച്ചുകൊണ്ട് ഈ 8 സെന്റ് സ്ഥലത്ത് 3 നിലകളിലായി 6 ക്ലാസ് റൂമുകൾ പണിയാൻ പറ്റാത്ത അവസ്ഥയാണെന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർബന്ധമായും പാലിക്കേണ്ട കവറേജ്, ആക്സസ്, ഫ്രണ്ട് യാർഡ്, സൈഡ് യാർഡ്, റിയർ യാർഡ്, എഫ്.എ.ആർ തുടങ്ങിയ നിബന്ധനകൾ പാലിക്കാൻ ഒരു വിധത്തിലും സാധിക്കുകയില്ലായെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. കുട്ടിലങ്ങാടി സ്കൂൾ അക്കാദമിക് തലത്തിലും മറ്റ് പാഠ്യേതര വിഷയങ്ങളിലും മികവ് പുലർത്തുന്ന ജില്ലയിലെ അപൂർവ്വം സ്കൂളുകളിൽ ഒന്നാണെന്നും സംസ്ഥാന സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഈ സ്കൂളിനെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതായും സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നു. കൂടാതെ വർഷംതോറും 3 ലക്ഷത്തോളം രൂപ ലീസിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഉടമകൾക്ക് നൽകുകയും ചെയ്യുന്നുണ്ട്. ഇത് പഞ്ചായത്തിന് വലിയ സാമ്പത്തിക ബാധ്യത വരുത്തുന്നുണ്ട്.

6. സ്കൂളിന് സൗജന്യമായി കിട്ടിയ 8 സെന്റ് സ്ഥലത്ത് 3 നിലകളിലായി 6 ക്ലാസ് റൂമുകൾ പണിയുന്നതിന് ബഹു.മങ്കട എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് നിലവിൽ ഈ ക്ലാസ് റൂമുകൾ പണിയാൻ പറ്റാത്ത അവസ്ഥ നിലനിൽക്കുന്നു. സൗജന്യമായി കിട്ടിയ ഈ 8 സെന്റ് സ്ഥലത്തിനോട് ചേർന്നുള്ള 62 സെന്റ് സ്ഥലമാണ് പഞ്ചായത്ത് വിലയ്ക്ക് വാങ്ങാൻ ഉദ്ദേശിക്കുന്നത്. ഈ സ്ഥലം കൂടി ലഭ്യമാകുന്നതോടെ മേൽപറഞ്ഞ ക്ലാസ് റൂമുകൾ നിർമ്മിക്കുന്നതിൽ ചട്ടലംഘനം ഒട്ടും ഉണ്ടാവുകയില്ലെന്നാണ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

7. മേൽ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ടും എം.എൽ.എ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും സൗജന്യമായി

കിട്ടിയ 8 സെന്റ് സ്ഥലത്തിനോട് ചേർന്ന് കിടക്കുന്ന 62 സെന്റ് സ്ഥലം കൂടി പഞ്ചായത്ത് വാങ്ങുന്നതോടെ ഈ 8 സെന്റ് സ്ഥലത്ത് 3 നിലകളിലായി 6 ക്ലാസ് റൂമുകളുടെ നിർമ്മാണത്തിൽ യാതൊരു ചട്ടലംഘനവും ഉണ്ടാവുകയില്ലായെന്നതിനാലും ഈ ക്ലാസ് റൂമുകൾ നിശ്ചിത സ്ഥലത്ത് ഇപ്പോൾ നിർമ്മിക്കുമ്പോഴുണ്ടാകുന്ന താൽക്കാലിക ചട്ടലംഘനത്തിന് ഇളവ് അനുവദിച്ച് പ്രസ്തുത ക്ലാസ് റൂമുകളുടെ നിർമ്മാണത്തിന് പ്രത്യേക അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

8. താല്ക്കാലിക ചട്ട ലംഘനമെന്ന നിലയിലും എം.എൽ.എ ഫണ്ട് ഉപയുക്തമാക്കിയുള്ള സർക്കാർ സ്കൂളിന്റെ നിർമ്മാണമായതിനാലും ചട്ടം 3C പ്രകാരമുള്ള ഉചിതമായ തീരുമാനം സർക്കാരിന് എടുക്കാവുന്നതാണെന്നും ചീഫ് ടൗൺ പ്ലാനർ പരാമർശം 2 പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

9. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്കൂൾ കെട്ടിടം പണിയാനുദ്ദേശിയ്ക്കുന്ന 8 സെന്റ് സ്ഥലത്തിനോട് ചേർന്ന് കിടക്കുന്ന 62 സെന്റ് സ്ഥലം കൂടി വാങ്ങാൻ പഞ്ചായത്ത് തീരുമാനിച്ചിരിയ്ക്കുന്ന സാഹചര്യത്തിലും എം.എൽ.എ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ മങ്കട പള്ളിപ്പുറം ഗവ. യു.പി.സ്കൂളിന് സൗജന്യമായി കിട്ടിയ 8 സെന്റ് സ്ഥലത്തുള്ള കെട്ടിട നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്,
ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്, മലപ്പുറം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ചീഫ് ടൗൺ പ്ലാനർ, തിരുവന്തപുരം.
4. ജില്ലാ ടൗൺ പ്ലാനർ , മലപ്പുറം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.